ഈടാക്കാവൂ എന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. അധികമായി ഏതെങ്കിലും കോളേജുകൾ ഫീസ് ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് വിദ്യാർത്ഥികൾക്ക് മടക്കി കൊടുക്കണമെന്ന നിർദ്ദേശം മേൽപ്പടി ഉത്തരവിലുണ്ട്. ഈ ഉത്തരവിനെതിരായിട്ട് ആരെങ്കിലും പ്രവർത്തിച്ചാൽ അവരുടെ പേരിൽ നടപടിയെടുക്കും. ഇന്നുവരെ ആരും പ്രവർത്തിച്ചിട്ടില്ല എന്നാണ് മനസ്സിലാക്കുന്നത്. ഏതായാലും മേൽപ്പറഞ്ഞ ഉത്തരവിന്റെ സാങ്കേതികത്വത്തെ ചോദ്യം ചെയ്തുകൊണ്ട് സ്വകാര്യ സ്വാശ്രയ കോളേജ് മാനേജ്മെന്റ് അസോസിയേഷൻ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഒരു റിട്ട് ഫയൽ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസ് 16-7-2004-ൽ ഹിയറിംഗിന് വച്ചിരിക്കുകയാണ്. ഈ കേസിൽ ആരോപിക്കപ്പെടുന്ന സംഗതികൾക്കെതിരെ സർക്കാർ സത്യവാങ്മൂലം സമർപ്പിക്കാനുള്ള അടിയന്തിര നടപടി എടുത്തു വരികയാണ്. സത്യവാങ്മൂലം സമർപ്പിച്ച് ആവശ്യമായ പ്രൊട്ടക്ഷൻ ഈ ഉത്തരവിന് നൽകും.

(5) ഒരുലക്ഷം യുവജനങ്ങൾക്ക് കാർഷിക മേഖലയിൽ പ്രത്യേക തൊഴിൽദാന പദ്ധതി

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ഒരു ലക്ഷം യുവജനങ്ങൾക്ക് കാർഷിക മേഖലയിൽ പ്രത്യേക തൊഴിൽദാന പദ്ധതി എന്ന പേരിൽ കേരള സർക്കാർ വിഭാവനം ചെയ്ത ബൃഹത്തായ പദ്ധതി ഇന്ന് അനിശ്ചിതത്വത്തിലാണ്. കൃഷി, മൃഗസംരക്ഷണം, ക്ഷീര വികസനം, മത്സ്യവികസനം എന്നിവ മുഖ്യ തൊഴിൽ മേഖലയായി സ്വീകരിച്ച നിരവധി യുവാക്കൾ പ്രസ്തുത പദ്ധതിയിൽ അംഗത്വം നേടി. സർക്കാർ നിർദ്ദേശിച്ചിരുന്ന പദ്ധതി വിഹിതമായ ആയിരം രൂപയും രജിസ്ട്രേഷൻ ഫീസായ 100 രൂപയും അതാത് പഞ്ചായത്തിലെ കൃഷിഭവൻ വഴി ട്രഷറിയിൽ പണം അടച്ച് കാത്തിരിപ്പ് തുടങ്ങിയിട്ട് 10 വർഷത്തോളം ആകുന്നു. പദ്ധതി ഫലപ്രാപ്തിയിലെത്തിയിട്ടില്ല. ലക്ഷം തൊഴിൽദാന പദ്ധതിയിൽ അംഗത്വം നേടിയിരിക്കുന്ന യുവകർഷകർക്ക് അവർ തെരഞ്ഞെടുത്ത കൃഷി മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ട സഹായം നൽകാൻ നടപടി സ്വീകരിക്കണം.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ.ആർ.ഗൗരിയമ്മ): സർ, 1992-ലാണ് അന്നത്തെ ഗവൺമെന്റ് 20 വയസ്സ് പൂർത്തിയായവരും 30 വയസ്സിൽ കവിയാത്തവരുമായ ഒരു ലക്ഷം യുവജനങ്ങൾക്ക് കാർഷിക മേഖലയിൽ തൊഴിൽ കൊടുക്കണമെന്ന ആഗ്രഹത്തിന്റെ അടിസ്ഥാനത്തിൽ ഒരു പ്രഖ്യാപനം നടത്തിയത്. അതിന്റെ റൂൾ വന്നത് 1994-ലാണ്. സ്വന്തമായി 50 സെന്റ് ഭൂമി ഉള്ളവരും കൃഷിയിൽ താല്പര്യമുള്ളവരുമായ യുവജനങ്ങൾക്ക് മൽസ്യബന്ധനം, മൃഗസംരക്ഷണം, ക്ഷീര വികസനം, കൃഷി ഇത്രയും വകുപ്പുകളിൽ സ്ഥിരമായിട്ട് തൊഴിൽ കിട്ടുന്നതിനും അവർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനുമായിട്ടുള്ള ബൃഹത്തായ പദ്ധതിയാണ് അന്ന് ആവിഷ്ക്കരിച്ചത്. ആ പദ്ധതി പ്രകാരം നടപടികൾ നീണ്ടുപോയി. അതിനുശേഷം ഇപ്പോൾ മൂന്ന് കൊല്ലമായി ഈ കൃഷിക്കാരെ കൃഷി ആഫീസിന്റെ കീഴിൽ സ്വയം ഗ്രൂപ്പുകളായി സംഘടിപ്പിച്ച്

LIBRARY ARCHIVES Kerala Legislative Assembly

മാസ്റ്റർ ഫാർമേഴ്സിനെ തെരഞ്ഞെടുത്ത് അവർക്ക് ട്രെയിനിംഗ് കൊടുത്ത് ആവശ്യമായിട്ടുള്ള തൊഴിൽ കൊടുക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിച്ചു കൊടുത്തുകൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റ് ഇതിന്റെ അടിസ്ഥാനത്തിൽ നബാർഡിനോട് സഹായം ആവശ്യപ്പെട്ടതനുസരിച്ച് നബാർഡ് ഒരു സ്കീം തന്നിട്ടുണ്ട്. ആ സ്കീമിൽ പുറത്ത് പോകാൻ ആഗ്രഹിക്കുന്നവർക്ക് പുറത്തുപോകാനും അല്ലാത്തവർക്ക് തൊഴിൽ സാധ്യത കൊടുക്കുന്നതിനുംവേണ്ടിയിട്ടുള്ള സ്കീമാണ്. ഇതുവരെ ഈ സ്കീമിൽ ചേർന്നിട്ടുള്ളവരിൽ 502 പേർ മരിച്ചിട്ടുണ്ട്. മരിച്ചവരുടെ കുടുംബങ്ങൾക്ക് 25,000 രൂപ വീതം കൊടുത്തിട്ടുണ്ട്. ഏതാണ്ട് 182-ഓളം പേർ പുറത്തുപോയിട്ടുണ്ട്. ബാക്കിയുള്ളവർക്ക് തൊഴിലും മറ്റ് സൗകര്യങ്ങളും നൽകുന്നതിന് ഇന്നത്തെ നിലയിൽ ഗവൺമെന്റ് പ്രഖ്യാപിച്ചതായിട്ടുള്ള സ്കീം അപ്രായോഗികമാണ്. അത് ഗവൺമെന്റിന് വലിയ കടബാധ്യതയും കേരളത്തിനെ പാപ്പരാക്കുന്ന വിധത്തിലുള്ള പ്രൊവിഷനുകളും മാത്രമായിട്ടുള്ളതുമാണ്. അതുകൊണ്ട് അതൊന്ന് മാറ്റി ഇവർക്ക് തൊഴിലും സ്വയം പിരിഞ്ഞുപോകുന്നവർക്ക് ചെറിയൊരു തുക സംഭാവനയായും കൊടുത്ത് നടത്തുന്നതിനുവേണ്ടിയിട്ടുള്ള ഒരു പുതിയ സ്കീം ഇപ്പോൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. ആ സ്കീം ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് ഗവൺമെന്റ് നടപ്പിലാക്കുന്നതാണ്.

V. ധനകാര്യം

2004-2005 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്): സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടേയും മൽസ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടേയും പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 7-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2004-2005 സാമ്പത്തിക വർഷത്തെ ചെലവ് പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ): സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

വനവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ): സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുകകൾ 2004-2005 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്): സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly